# പതിമൂന്നാം കേരള നിയമസഭ

A1

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1 10.06.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഗവർണ്ണറുടെ നയപ്രഖ്യാപനങ്ങളിൽ നടപ്പിലാക്കിയവ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി. ശശി** | **ശ്രീ.എ.കെ.ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഗവർണ്ണറുടെ 2012, 2013 വർഷങ്ങളിലെ നയപ്രഖ്യാപനങ്ങളിൽ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമെന്ന് വർഷം തിരിച്ച് വിവരിയ്ക്കാമോ; | (എ) 2012, 2013 വർഷങ്ങളിലെ നയപ്രഖ്യാപനങ്ങളിൽ നടത്തിയ പ്രഖ്യാപനങ്ങളെ വർഷം തിരിച്ച് അനുബന്ധം 1 ഉം, II ഉം ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നത് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു |
| (സി) 2012-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം എന്നും, എത്ര തുക ചെലവഴിച്ച് പൂർത്തികരിക്കപ്പെട്ടുവെന്നും വിശദീകരിക്കുമോ; | (സി) 2012-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. 2012-ലെ നയപ്രഖ്യാപനത്തിലെ പദ്ധതികൾക്ക് ചെലവഴിച്ച തുക അനുബന്ധം V ആയി ചേർത്തിരിക്കുന്നു. |
| (ഡി) പ്രഖ്യാപനങ്ങൾ അനുസരിച്ച് നടപ്പാക്കാത്തത് /പൂർത്തീകരിക്കാൻ കഴിയാത്തത് ആയ പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ? | (ഡി) പ്രഖ്യാപനങ്ങൾ അനുസരിച്ച് നടപ്പാക്കാത്തത് /പൂർത്തീകരിക്കാൻ കഴിയാത്തതായ പദ്ധതികൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

## 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിലെ പദ്ധതികൾ

1. കൊച്ചി മെട്രോ റെയിൽ പദ്ധതി.

2. കോഴിക്കോട് മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ രാമനാട്ടുകര വരെയും പള്ളിപ്പുറം മുതൽ നെയ്യാറ്റിൻകര വരെയുമുള്ള മോണോ റെയിൽ പദ്ധതി.

3. കണ്ണൂർ വിമാനത്താവള പദ്ധതി, കൊച്ചി വിമാനത്താവളത്തിന്റെ പുതിയ അന്താരാഷ്ട്ര ടെർമിനൽ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനം.

4. സംസ്ഥാനത്ത് ലോകായുക്തയെ ശക്തിപ്പെടുത്തും.

5. എല്ലാ സർക്കാർ ഉദ്യോഗസ്ഥർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുക, സംസ്ഥാന പരിശീല നയം പരിഷ്കരിക്കുക, ഐ.എം.ജി.യിൽ ഒരു സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് സ്ഥാപിക്കുക.

6. ആധുനിക ഖര മാലിന്യ നിർമ്മാർജ്ജന ഉപാധികൾ എല്ലാ പ്രധാനപ്പെട്ട നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കും. കൂടാതെ പ്രാദേശിക മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കും. ശുചിത്വ മിഷന്റെ പ്രവർത്തനങ്ങള വിപുലീകരിക്കും.

7. സാംഖ്യ എന്ന കമ്പ്യൂട്ടർവൽകൃത സമ്പ്രദായം എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കും. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കലാഗ്രാമങ്ങൾ ആരംഭിക്കും. 100 പഞ്ചായത്തുകളിൽ കൂടി Green Technology Centre-കൾ ആരംഭിക്കും. കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഒരു കൽപിത സർവ്വകലാശാലയാക്കുവാൻ നടപടി സ്വീകരിക്കും.

8. ആജീവിക പദ്ധതിയ്ക്ക് തുടക്കം കുറിക്കും. 38 ലക്ഷം കുടുംബശ്രീ പ്രവർത്തകരുടെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന MIS-ഉം ഡിജിറ്റൽ ഡാറ്റാ ബേസും, അഗതികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ആശ്രയ പദ്ധതി, എൽ.പി.ജി. ഗവേർണൻസിന്റെ വികസനവും ശക്തിപ്പെടുത്തലും വേണ്ടി E-Governance-ഉം M-Governance-ഉം ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കുക.

9. KSUDP, JNNURM എന്നിവയുടെ കീഴിലുള്ള പദ്ധതികൾ പൂർത്തീകരിക്കും. കേരളത്തെ ഒരു ചേരി രഹിത സംസ്ഥാനമാക്കുന്നതിന് രാജീവ് ആവാസ് യോജന നടപ്പിലാക്കും. എല്ലാ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രങ്ങൾ നിർമ്മിക്കും.

10. വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായം കർഷകർക്ക് ദ്രുതഗതിയിൽ നൽകുന്നതിന് കൃഷി ഭവൻ തലത്തിൽ കർഷകരുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കും. വരുമാന ഭദ്രത എന്ന രീതിയിൽ കർഷകർക്ക് സഹായം നൽകാൻ ഒരു പുതിയ പദ്ധതി ആരംഭിക്കും. 2012-13 വർഷം ടെക്നോളജി ട്രാൻസ്ഫർ വർഷമായി പ്രഖ്യാപിക്കും.

11. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി ആരംഭിക്കും. മിൽക് ഷെഡ് വികസന പരിപാടിക്ക് ഊന്നൽ നൽകും. ക്ഷീര സൗഹൃദ പഞ്ചായത്തുകളിൽ 20 പുതിയ ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റുകൾ തുറക്കും.

12. കന്നുകുട്ടി പരിപാലന പരിപാടി സമാരംഭിക്കും. ആധുനിക കാലിത്തീറ്റ പ്ലാന്റ്, ആധുനിക ഡയറി ഫാമുകൾ, ഒരു ഹൈടെക്ക് ലെയർ ഫാം എന്നിവ സ്ഥാപിക്കും. കൂടാതെ Meat Products of India ഒരു ഹൈടെക് മാംസ സംസ്കരണ പ്ലാന്റ് സ്ഥാപിക്കും.

13. പ്രധാന നഗരങ്ങളിൽ വ്യാപാര വാണിജ്യ മേഖലകൾ സ്ഥാപിക്കും. ഒരു Aerotropolis കോഴിക്കോട്ടും ഒരു മെഗാ ഫുഡ് പാർക്കും സ്ഥാപിക്കും. കൂടാതെ ഒരു സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ നിലവിൽ വരും.

14. എമർജിംഗ് കേരള എന്ന ആഗോള സംഗമം സംഘടിപ്പിക്കും. കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയിൽ നിംസ് സ്ഥാപിക്കും. ഇലക്ട്രോണിക് ഹബ്ബ് പദ്ധതിക്ക് തുടക്കമിടും. പീഡിത നിർമ്മാണ യൂണിറ്റുകൾക്ക് ഒരു പുതിയ എക്സിറ്റ് പോളിസി രൂപീകരിക്കും. മലപ്പുറത്ത് ഒരു സംയോജിത തുന്നൽ വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കും.

15 നോക്കുകൂലി സമ്പ്രദായം പരിപൂർണ്ണമായി ഇല്ലാതാക്കും. KASEC കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് സ്ഥാപിക്കുകയും അതിന്റെ കീഴിൽ ഒരു കൺസ്ട്രക്ഷൻ അക്കാഡമി കൂടി

സ്ഥാപിക്കും. കൂടാതെ Occupational Health Centre കൊല്ലത്തും Safety Institute for Public Training-ഉം സ്ഥാപിക്കും. സ്കിൽ ഡെവലപ്മെന്റ് പ്രോജക്ട് ആരംഭിക്കും.

16. സംസ്ഥാനത്ത് 6 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി 10,000 മൈക്രോ എന്റർ പ്രൈസുകൾ ആരംഭിക്കും.

17. നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം സമാരംഭിക്കും. ജില്ലാ മാനസികാരോഗ്യ പരിപാടി ആരംഭിക്കും.

18. സമഗ്ര മെഡിക്കൽ ഇൻഷുറൻസ് പദ്ധതി ആരംഭിക്കും.

19. കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി പ്രവർത്തിക്കുന്ന മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്നതിന് ഒരു ബൃഹത് പദ്ധതി ആരംഭിക്കും.

20. വികലാംഗർക്കായി നീക്കി വച്ചിട്ടുള്ളതും നികത്തപ്പെടാതെ കിടക്കുന്നതുമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പി.എസ്.സി. ഒരു ഏകദിന അദാലത്ത് നടത്തും.

21. ജെന്റർ ഫെസ്റ്റിവൽ നടത്തും.

22. നിർഭയ പദ്ധതി.

23. തിരുവനന്തപുരത്ത് ഒരു 24/7 വനിതാ ഇൻഫർമേഷൻ കേന്ദ്രം സ്ഥാപിക്കും.

24. അവശരായവർക്ക് വേണ്ടി ഒരു സമഗ്ര പുനരധിവാസ കേന്ദ്രം സ്ഥാപിക്കും.

25. കോക്ളിയർ ഇംപ്ലാന്റ് പദ്ധതി ആരംഭിക്കും

26. വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ്.

27. മെരിറ്റ് ലിസ്റ്റിൽ നിന്നും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

28. NSFDC-യുടെ സഹായത്തോടെ ഒരു ലഘു വ്യവസായ യോജന

29. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 11900 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായവും 16500 സ്ത്രീകർക്ക് കുടുംബശ്രീ വഴി മൈക്രോ ക്രെഡിറ്റ് ലോണുകളും നൽകും.

30. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾക്കായി രണ്ട് പ്രത്യേക കോടതികൾ ആരംഭിക്കും.

31. പ്രിയദർശിനി ടി എസ്റ്റേറ്റിലെയും അട്ടപ്പാടിയിലെയും ഗ്രൂപ്പ് ഫാമുകൾ 500 കുടുംബങ്ങൾക്ക് വേണ്ടി പുനരുജ്ജീവിപ്പിക്കും.

32. 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും ആക്ട് പൂർണ്ണമായി നടപ്പിലാക്കും.

33. സമഗ്ര അദ്ധ്യപക പാക്കേജ് നടപ്പിലാക്കും.

34. 2 മുതല 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യും.

35. സംസ്ഥാനത്ത് അക്കാഡമിക് സിറ്റി സ്ഥാപിക്കും.

36. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കും.

37. വോക്ക് വിത്ത് എ സ്കോളർ പദ്ധതി നടപ്പാക്കും.

38. സ്കോളർ സപ്പോർട്ട് പ്രോഗ്രാം സമാരംഭിക്കും.

39. കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം ആരംഭിക്കും.

40. മലപ്പുറത്ത് ഒരു ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി സ്ഥാപിക്കും.

41. കോട്ടയത്ത് ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും സ്ഥാപിക്കും.

42. ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യണിവേഴ്സിറ്റിയുടെ ഒരു ഓഫ് കാമ്പസ് കേന്ദ്രം സ്ഥാപിക്കും.

43. കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസസ് ആന്റ് ആർട്സ് ഈ വർഷം പ്രവർത്തനക്ഷമമാകും

44. കേരള സാങ്കേതിക സർവ്വകലാശാല ഈ വർഷം സ്ഥാപിക്കും.

45. Technical Education Quality Improvement Programme നടപ്പിലാക്കും.

46. സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കും.

47. സർക്കാർ സർവ്വകലാശാലകൾക്കുള്ള സംസ്ഥാന അവാർഡു നിധി.

48. തുടർ വിദ്യാഭ്യാസ കേന്ദ്രം തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കും. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം റൂഫ് ടോപ്പ് ഒബ്സർവേറ്ററിയോടു കൂടിയ ഒരു 14 ഇഞ്ച് ദൂരദർശിനിയും ആറ് ഡിഗ്രി ഫ്രീഡം മോഷൻ സ്റ്റിമുലേറ്ററും സ്ഥാപിക്കും. ഒരു ഇവല്യൂഷൻ പാർക്കും രണ്ട് ശാസ്ത്ര നഗരങ്ങളും സ്ഥാപിക്കും.

49. 4 ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, ഒരു ഗെയിംസ് വില്ലേജ്

50. കേരള സ്പോർട്ട്സ് ഡെവലപ്പ്മെന്റ് ഫണ്ട്, എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് അക്കാഡമി.

51. യുവജന നയം, യുവജന കമ്മീഷൻ, ഒരു സംസ്ഥാന യുവജന കേന്ദ്രം, 5 യുവജന ഹോസ്റ്റലുകൾ, ഒരു യുവജന പരിശീലന കേന്ദ്രം.

52. ഫിഷറീസ്, അക്വാകൾച്ചർ നയം, മാരിറൈം നയം, മത്സ്യ സമൃദ്ധി പദ്ധതി, 3 ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യബന്ധന മേഖലയിലുള്ള ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ.

53. സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണവും പ്രൊഫഷണലൈസേഷനും, NCDC-യുടെ സഹായത്തോടെ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ 2-ാം ഘട്ടം

54. ഇക്കോ ടൂറിസത്തിന് ഊന്നൽ നൽകും. ജൈവ വൈവിദ്ധ്യം സംരക്ഷിക്കും. 10 മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ. ഒരു ഫോറസ്റ്റ് ഇൻസ്പെഷൻ ബംഗ്ലാവ്. ഒരു സുവോളജിക്കൽ പാർക്ക്.

55. ഗ്രീൻ ബിൽഡിംഗ് നയം. പ്രധാന നഗരങ്ങളിൽ ബഹുനില പാർക്കിംഗ് സംവിധാനം.

56. ഹോംസ്റ്റേഡ് ഇറിഗേഷൻ പദ്ധതി. മൂവാറ്റുപുഴ. വാലി ഇറിഗേഷൻ പ്രോജക്റ്റ്.

57. 114 വൻകിട ജലവിതരണ പദ്ധതികള പൂർത്തീകരിക്കുക. കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗും കളക്ഷൻ സംവിധാനവും. KWA റവന്യൂ കളക്ഷനു വേണ്ടി പോസ്റ്റാഫീസുകളുടെ സേവനം ഉപയോഗിപ്പെടുത്തും.

58. കോഴിക്കോട് സൈബർ പാർക്ക്, സ്മാർട്ട് സിറ്റിക്കുള്ള മാസ്റ്റർ പ്ലാൻ. e-district പ്രോജക്റ്റ്. DDFS സംവിധാനമ സെക്രട്ടേറിയറ്റിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കും.

59. കൽക്കരി അധിഷ്ഠിത ഉൽപാദതന കേന്ദ്രം. 1200 മെഗാവാട്ട് വാതകാധിഷഠിത പവർപ്ലാന്റ്. എസ്.പി.വി.ഹോംസ് പദ്ധതി. അനർട്ടിന്റെ ഫ്ലോട്ടിംഗ് സൗരോർജ്ജപ്ലാന്റ്.

60. ആറ് തുറമുഖങ്ങളെ PPP മുഖേന വികസിപ്പിക്കും. വിഴിഞ്ഞം തുറമുഖത്തെ ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപ്പോർട്ട് പ്രോജക്റ്റ് ആയി വികസിപ്പിക്കും. സംസ്ഥാന മാരിടൈം ബോർഡ്.

61. തീരദേശ സുരക്ഷയ്ക്ക് ഊന്നൽ നൽകും.

62. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ പുതിയ കാമ്പസ്. സംസ്ഥാന ട്രഷറികളിൽ കോർ ബാങ്കിംഗ്. നെറ്റ് വർക്കിംഗ് യന്ത്രവൽക്കരണം.

63. ഭക്ഷ്യ പൊതുവിതരണ രംഗത്ത് ഒരു വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം. സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ. CFRD യുടെ കീഴിൽ മൈക്രോ ബയോളജി ലബോറട്ടറിയും ഇൻഡിജിനസ് ഫുഡ് ടെക്നോളജി കോളേജും.

64. ജനസൗഹൃദ പോലീസ് സംവിധാനം. Student Police Force-നെ പരിപോഷിപ്പിക്കൽ. വനിത സിവിൽ പോലീസ് ആഫീസർ കേഡറിൽ 10% സംവരണം ഉറപ്പുവരുത്തുവാൻ Recruitment drive

65. പട്ടികജാതി ഗോത്ര വർഗ്ഗങ്ങൾക്ക് വേണ്ടി 3 പുതിയ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ, State Bureau of Investigation. ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം, സ്ത്രീകൾക്കു വേണ്ടി ഒരു പ്രത്യേക കാൾ സെന്റർ, സ്വിഫ്റ്റ് റെസ്പോൺസ് ഫോഴ്സ്, സ്വിഫ്റ്റ് ആക്ഷൻ ടീം.

66. അഗ്നിശമന സേനയ്ക്ക് SKYLIFT പോലുള്ള ആധുനിക ഗാഡ്ജറ്റുകൾ, Civil Defence and Home Guards State Level Training Institute.

67. സീറോ ലാന്റ് ലെസ് പദ്ധതി, RELIS പ്രോജക്ട് വ്യാപിപ്പിക്കും. ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്‌വേ, ട്രീ ബാങ്ക് ആശയം, മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ.

68. എക്സൈസ് വകുപ്പിന്റെ ആധുനിക വൽക്കരണം, ഒരു ദ്രുതകർമ്മ സേനയ്ക്ക് രൂപം നൽകുക, മദ്യവിമുക്ത കേരളം പരിപാടി.

69. സർവൈലൻസ് പ്രോഗ്രാം വ്യാപിപ്പിക്കും. Enforcement വിംഗിനെ ശക്തിപ്പെടുത്തും. ഇടപ്പാളിലെ ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. പാലക്കാട്ട് കോച്ച് ഫാക്ടറിയിൽ മൂന്നു വർഷം കൊണ്ട് 400 വാഗണുകൾ നിർമ്മിക്കും.

70. പയ്യന്നൂരിൽ ഒരു പുതിയ സ്ലിപ്പ്‌വേ കം വർക്ക് ഷോപ്പ് പദ്ധതി.

71. രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാ ഡാറ്റകളും കേന്ദ്രീകൃതമാക്കും. ഫീസ് ഒടുക്കാൻ ഇ-പേയ്മെന്റ് സൗകര്യം. പാർട്ണർഷിപ്പ് ഓൺ ലൈനായി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഓൺലൈനാക്കും.

72. ക്ഷേത്രകലാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, ഗുരുവായൂർ ദേവസ്വത്തിന് മാസ്റ്റർ പ്ലാൻ, ഗുരുവായൂർ ക്ഷേത്രത്തിനായി പോലീസ് സ്റ്റേഷൻ, ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് ഒരു അത്യാധുനിക സുരക്ഷാ കവചം.

73. ന്യൂന പക്ഷ ക്ഷേമ വകുപ്പിനെ ഒരു സമ്പൂർണ്ണ സെക്രട്ടേറിയറ്റ് വകുപ്പാക്കുക.

74. സ്വപ്നസാഫല്യം പദ്ധതി.

75. പുരാരേഖ ശേഖരങ്ങളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യുക, സ്വാതന്ത്ര്യ ചരിത്രം സംബന്ധിച്ച ദേശീയ മ്യൂസിയം, സിഗ്നേച്ചർ ആർക്കൈവ്സ് മ്യൂസിയം, നടുമിസ്മാറ്റിക് മ്യൂസിയം, എടയ്ക്കൽ ഗുഹയുടെ സംരക്ഷണം, തിരുവനന്തപുരത്ത് ആധുനികവും ശാസ്ത്രീയവുമായ ആർട്ട് ഗ്യാലറി, കോഴിക്കോട് ഒരു സാമൂഹിക ചരിത്ര സാംസ്കാരിക മ്യൂസിയം, തൃത്താലയിൽ ഒരു ഗ്ലാസ് മ്യൂസിയം.

76. കോഴിക്കോട് ഒരു സാംസ്കാരിക ഗ്രാമം, രാജാരവിവർമ്മയ്ക്ക് സ്മാരകം, ഒരു കലാഗ്രാമം, മാപ്പിള കലാ അക്കാഡമി, സപ്തസ്വര കേന്ദ്രം, മലയാള ഭാഷയിലും സാഹിത്യത്തിലും ഒരു ആഗോള സമ്മേളനം, ഫോക്ക് ലോർ വില്ലേജ്, ഫിലിംസിറ്റി, അമ്യൂസ്മെന്റ് പാർക്ക്, ആലപ്പുഴയിൽ തീയറ്റർ സമുച്ചയം, തിരുവനന്തപുരത്ത് ഫെസ്റ്റിവൽ കോംപ്ലക്സ്.

77. മലയാള മിഷന്റെ വിവിധ പ്രവർത്തനങ്ങൾ, മലയാളം സർവ്വകലാശാല.

78. അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക്, പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ, മനുഷ്യാവകാശ വിദ്യാഭ്യാസം സ്കൂളുകളിലും കോളേജുകളിലും തുടങ്ങുക.

79. ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം, കോർട്ട് കേസ് മോണിറ്ററിംഗ് സൊല്യൂഷൻ.

80. ഓരോ ജില്ലാ ആസ്ഥാനങ്ങളിലും വീഡിയോ വാൾ ശൃംഖല, ഒരു മീഡിയ സിറ്റി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ ആരംഭിക്കുക.

## അനുബന്ധം – II

## ഗവർണ്ണറുടെ നയപ്രഖ്യാപനം – 2013-ലെ പ്രഖ്യാപനങ്ങൾ

എമർജിംഗ് കേരളയുടെ തുടർ നടപടികൾ എന്ന നിലയിൽ വിവിധ വകുപ്പുകളിൽ നിരവധി പദ്ധതികൾ രൂപം നൽകും. ദേശീയ വ്യാവസായിക ഉദ്പാദനമേഖലയും പെട്രോകെമിക്കൽസ് വ്യാവസായിക മേഖലയും സ്ഥാപിക്കും. ടെക്സ്റ്റൈൽ മില്ലുകളുടെ ആധുനിക വൽക്കരണവും പുനരുദ്ധാരണവും. വിവര സാങ്കേതിക മേഖല വിപുലീകരിക്കൽ, സ്മാർട്ട് സിറ്റി പദ്ധതി പൂർത്തീകരണം. E-District പദ്ധതി വ്യാപിപ്പിക്കൽ. എല്ലാ പ്രധാനപ്പെട്ട വകുപ്പുകളിലും ഇ-പ്രൊക്യൂർമെന്റും ഇ-ടെൻഡറിംഗും കൊണ്ടു വരും. സർക്കാർ സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി കൈമാറും. കൊച്ചിയിൽ ഇന്നവേഷൻ സോൺ സ്ഥാപിക്കും. സർക്കാർ ഓഫീസുകളിൽ ഹൈബാൻഡ് കണക്ടിവിറ്റി ലഭ്യമാക്കും.

എറണാകുളത്ത് കൈത്തറി വില്ലേജ് സ്ഥാപിക്കും. കയർ മേഖലയിൽ സംഭരണം മുതൽ ഉത്പാദനം വരെയുള്ള കയർ യൂണിറ്റുകൾ സ്ഥാപിക്കൽ. കോക്കനട്ട് ബയോ പാർക്ക്, റൈസ് പാർക്ക് സ്ഥാപിക്കൽ. നെൽകർഷകർക്ക് സാമ്പത്തിക സഹായം നൽകും. കേരള കാർഷിക സർവ്വകലാശാലയെ പരിപോഷിപ്പിക്കും. 'നിറവ് പദ്ധതി', 'ഗോവർദ്ധിനി പദ്ധതി' എന്നിവ നടപ്പാക്കും.

ഗോട്ട് ഡവലപ്പ്മെന്റ് ബോർഡ്, പ്രാദേശിക കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ, കാലിത്തീറ്റ പ്ലാന്റ്, ആട്ടിൻ തീറ്റപ്ലാന്റ്, ആധുനിക പന്നിവളർത്തൽ കേന്ദ്രം എന്നിവ സ്ഥാപിക്കൽ, ക്ഷീര കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, വലിതുറ-സീവേജ് ഫാം നവീകരിക്കൽ, പാലുൽപാദനത്തിന് പ്രത്യേക പാക്കേജ്.

ഭവന രഹിതർക്ക് അഭയ സ്ഥാനം-സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏർപ്പെടുത്തും. KILA-യെ ദേശീയ സ്ഥാപനമായും, തദ്ദേശ ഭരണം സംബന്ധിച്ച് അന്തർ ദേശീയ സമ്മേളനം, കുടുംബശ്രീ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണത്തിന് ഊന്നൽ, വുമൺ ആന്റ് ചിൽഡ്രൻ ഫ്രണ്ട്‌ലി പഞ്ചായത്തുകൾ, പ്ലാഗ് ഷിപ്പ് പ്രോഗ്രാം, ഇ-ടൊയ്‌ലറ്റ് സൗകര്യങ്ങൾ, കൂടുതൽ തൊഴിൽ പദ്ധതികൾ, കാർഷിക മേഖലയിൽ ഇടുക്കി ജില്ലയ്ക്ക് പ്രത്യേക പാക്കേജ് എന്നിവ ഏർപ്പെടുത്തും.

സംയോജിത പാർപ്പിട നയം-ഗൃഹശ്രീ, സുരഭി, സാന്ത്വനം പദ്ധതികൾ നടപ്പാക്കും.

കേരള അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി ബിൽ, കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) ബിൽ എന്നിവ കൊണ്ടുവരും. ലാറി ബേക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹാബിറ്റാറ്റ് സ്ഥാപിക്കും.

ഇന്ദിര ആവാസ് യോജന പദ്ധതിയിൻ കീഴിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് വീട്, ഹഡ്കോ ഭവന വായ്പ ഉപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണവും നവീകരണവും. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ, ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫ് ഫിഷിംഗ് വില്ലേജസ്, ഒരു വീട് ഒരു അക്വേറിയം പദ്ധതി എന്നിവ.

മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം, പട്ടികജാതി കോളനികളുടെ വികസനം, ഭൂമിയും-പാർപ്പിടവും പദ്ധതി

ഗോത്ര വർഗ്ഗത്തിന് ജനനി-ജന്മരക്ഷാ പദ്ധതി, ഗോത്രസാരം പദ്ധതി, ഗോത്ര വർഗ്ഗ ഗ്രാമങ്ങളിൽ ഒരു ഹാംലെറ്റ് ഡവലപ്പ്മെന്റ് സ്കീം എന്നിവ ആരംഭിക്കും. കേന്ദ്ര സഹായത്തോടെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഗ്രാന്റ്, സാമ്പത്തിക സഹായം, മറ്റു തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കൽ പരിപാടികൾ, ന്യൂന പക്ഷ വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് അക്കാദമി, പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മാണം, മുന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കായി പ്രത്യേക പദ്ധതികൾ.

മാതൃകാ അംഗൻവാടികൾ, RDF-ന്റെ കീഴിൽ 700 അംഗൻവാടികൾ, ഇരിങ്ങാലക്കുടയിൽ 'പാരാപ്ലീജിയ' കേന്ദ്രം, ജെൻഡർ പാർക്കിന്റെ നിർമ്മാണം, വയോമിത്ര പദ്ധതിയുടെ കീഴിൽ ലബോറട്ടറികളോടുകൂടി മൊബൈൽ വാനുകൾ, 'വീ കെയർ' ധനസമാഹരണ പദ്ധതി സ്നേഹപൂർവ്വം പദ്ധതി വിപുലീകരണം, കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പൂർത്തീകരണം.

ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി ആരംഭിക്കും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ സാധ്യത കേന്ദ്രങ്ങളായി മാറ്റും. വിവിധ തൊഴിൽ വൈദഗ്ദ്ധ്യ വികസന കേന്ദ്രങ്ങൾ തുറക്കും.

നഴ്സുമാർക്ക് ലോകത്തെവിടെയും ജോലി തേടുന്നതിന് പരിശീലനം, നഴ്സുമാർക്കായി ഹോസ്പിറ്റലുകളിൽ തൊഴിലാളികളുടെ ബ്ലോക്ക് എന്നിവ.

കേരള കുടിയേറ്റ തൊഴിലാളി സാമൂഹ്യ സുരക്ഷ ആക്ട്, പി.പി.പി. മാതൃകയിൽ ഭവന പദ്ധതി. മെന്റൽ ഹെൽത്ത് പോളിസി പുനരാവിഷ്ക്കരിക്കും. കന്യാസുരക്ഷാ, കാഴ്ച, മധുരം ബാല്യം, ഡയറക്ട് ക്യാഷ് ട്രാൻസ്ഫർ സിസ്റ്റം, ആരോഗ്യ തീരം പദ്ധതികൾ.

കോഴിക്കോട് മെഡിക്കൽ കോളേജ് പുനരുദ്ധാരണം. പാരാ മെഡിക്കൽ കോഴ്സുകൾ, ബോൺഡ് യൂണിറ്റ്, ട്രോമ കെയർ, ടെർഷ്യറി ക്യാൻസർ കെയർ എന്നിവ വിവിധ സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കും. കൂടുതൽ ആയുർവേദ ഡിസ്പെൻസറികൾ, 'ജലരക്ഷ' എന്ന പേരിൽ വാട്ടർ ആംബുലൻസ്.

ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം, NRAM-ന്റെ സഹായം ഗ്രാമീണ മേഖലയിൽ വ്യാപിപ്പിക്കൽ, പുതിയ ആശുപത്രികളും ദന്തൽ കോളേജുകളിലും സ്ഥാപിക്കൽ.

അധ്യാപകർക്ക് പരിശീലനം, എസ്.എസ്.എ, ആർ.എം.എസ്.എ. എന്നിവയുടെ കീഴിലുള്ള പദ്ധതികൾ നടപ്പാക്കൽ, ഇന്ററാക്ടീവ് സ്മാർട്ട് ക്ലാസ് റൂം, ഡിജിറ്റൽ ലൈബ്രറികൾ, ഉച്ച ഭക്ഷണ രീതി വിപുലീകരിക്കൽ എന്നിവ.

ഹയർ സെക്കന്ററി പാഠ്യ പദ്ധതി പരിഷ്ക്കരിക്കൽ, അധ്യാപകർക്കായി മാനേജ്മെന്റ് ട്രെയിനിംഗ് മോഡ്യൂൾ, ശ്രീനാരായണ ഗുരുവിന്റെ സിദ്ധാന്തങ്ങളിലെ മൂല്യങ്ങൾ പാഠ്യപദ്ധതികൾ ഉൾപ്പെടുത്തൽ, ന്യൂന പക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മദ്രസകളുടെയും നവീകരണവും, സാമ്പത്തിക സഹായം

നൽകലും. എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ എസ്.സി/എസ്.ടി. ബി.പി.എൽ കുടുംബങ്ങളിലെ VIII-ാം സ്റ്റാൻഡേർഡ് വരെയുള്ള വിദ്യാർത്ഥി വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം വിതരണം എയ്ഡഡ് മേഖലയിലേക്കും വ്യാപിപ്പിക്കും. പ്രീ-പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു കർമ്മ പദ്ധതി പ്രഖ്യാപിക്കും. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയം ഭരണ പദവി. ന്യൂജനറേഷൻ കോഴ്സുകൾ, നാനോടെക്നോളജി മേഖലയെ പ്രോത്സാഹിപ്പിക്കൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കൽ, ഔട്ട് റീച്ച് പ്രോഗ്രാമുകൾ എന്നിവ. സർവ്വകലാശാല-കോളേജ് അധ്യാപകർക്കായി ഫാക്കൽറ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. കേരള സാങ്കേതിക സർവ്വകലാശാല. ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ (EFLU) കാമ്പസ്, ഒരു IIT, എമർജിംഗ് കേരളയുടെ തുടർച്ചയായി വിദ്യാഭ്യാസ സംരംഭങ്ങളിൽ അന്താരാഷ്ട്ര കമ്പനികളുടെ പങ്കാളിത്തം. ട്രിവാൻഡ്രം എൻജിനീയറിംഗ് കാമ്പസ്സിൽ ട്രിവാൻഡ്രം റിസർച്ച് ആന്റ് എൻജിനീയറിംഗ് സയൻസ് പാർക്ക് എന്നിവ സ്ഥാപിക്കും.

വന ഉൽപ്പന്നങ്ങളുടെ ലഭ്യതയ്ക്ക് 'വനശ്രീ യൂണിറ്റുകൾ' മാതൃകാ തേക്കിൻ തോട്ടങ്ങൾ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് ആന്റ് റിസർച്ച് സെന്ററിന്റെ നിർമ്മാണം, ഗാന്ധി സ്മൃതി വനത്തിന്റെയും ഓക്കിഡ് ഗാർഡന്റെയും നിർമ്മാണം.

വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ് ടെർമിനൽ, തീരദേശം വഴിയുള്ള ചരക്കു ഗതാഗത പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ, മാരിടൈം മ്യൂസിയം, തുറമുഖം, കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കൽ എന്നിവ.

ഊർജ്ജോത്പാദന രംഗത്ത് ജല വൈദ്യുത ശേഷി വർദ്ധിപ്പിക്കൽ, സൗരോർജ്ജ പവർ സ്റ്റേഷൻ, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവയും കാറ്റാടി പാടം സ്ഥാപിക്കലും, ബ്രമ്മപുരത്ത് വാതകാധിഷ്ഠിത പവർപ്ലാന്റ് സ്ഥാപിക്കും.

ജല സംരക്ഷണവും പരിപാലനവും പരിപാടി ഫലപ്രദമാക്കും. അനുയോജ്യമായ സാങ്കേതിക വിദ്യകൾ സ്വീകരിച്ച് കുടിവെള്ള ലഭ്യത ഉറപ്പു വരുത്തും, ഭൂജല വകുപ്പിനെ ശക്തിപ്പെടുത്തും, വൻകിട ജല വിതരണ പദ്ധതികൾ പൂർത്തിയാക്കും. തടയണ നിർമ്മിക്കലും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും.

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടുകളുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേയും ജില്ലാ റോഡുകളുടെയും 1204 KM ലോകനിലവാരത്തിലേയ്ക്ക് ഉയർത്തും. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസനം, ബൈപ്പാസുകളുടെ നിർമ്മാണം, കെ.എസ്.റ്റി.പി.യുടെ കീഴിൽ 'മോഡൽ സേഫ്റ്റി കോറിഡോർ' മൾട്ടിമോഡൽ സംയോജിത ഗതാഗത സംവിധാനം എന്നിവ.

എം.എൽ.എ. മാർക്ക് ആധുനിക സൗകര്യങ്ങളോടും കൂടിയ പുതിയ റെസിഡൻഷ്യൽ ഫ്ലാറ്റുകൾ നിർമ്മിക്കും.

സീപ്ലെയിൻ പ്രോജക്ട് മെഗാകൾച്ചർ ഹബ്ബുകൾ, ആലപ്പുഴ മെഗാ ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ട്, നോർത്ത് കേരളാ മെഗാ ടൂറിസം സർക്യൂട്ട്, കിറ്റ്സ് (KITTS) എന്നിവയുടെ വികസനം.

'എയർ കേരള' ആരംഭിക്കും, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം, കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങളുടെ വിപുലീകരണം, കൊച്ചി മെട്രോ പ്രോജക്ട് എന്നിവ കൊച്ചിയെ Tier-2 നഗരമാക്കും. റോഡ് സുരക്ഷയ്ക്കായി റിമോട്ട് ക്യാമറാ മോണിറ്ററിംഗ് സംവിധാനം. കമ്പ്യൂട്ടർ വത്കൃത വാഹന പരിശോധന സ്റ്റേഷൻ, ഡ്രൈവർ ടെസ്റ്റിംഗ് യാർഡ്, RFID-വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ നടപ്പാക്കൽ

KSRTC യുടെ നവീകരണം, വിവിധ തുറമുഖങ്ങളുടെ വികസനം പൂർത്തീകരണം, തീരദേശ റോഡുകൾ, ഫിഷ്‌ലാന്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, ന്യൂ മോഡൽ ആന്റ് ഇ.ഐ.എ. പഠനം ഏറ്റെടുക്കൽ, ഉൾനാടൻ ജലഗതാഗതത്തിന് ഊന്നൽ, വടകര-മാഹി കനാൽ നിർമ്മാണം.

സീറോ ലാന്റ് ലെസ് സ്റ്റേറ്റ്, ഓൺ ലൈൻ പോക്കുവരവ് സംവിധാനം. End to End കമ്പ്യൂട്ടർ വൽക്കരണം.

ഫുഡ് പാർക്ക്, മാവേലി സ്റ്റോർ, സൂപ്പർമാർക്കറ്റ്, പീപ്പിൾസ് മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് എന്നിവ സ്ഥാപിക്കും. ഭക്ഷ്യ സുരക്ഷാ സർവ്വേ, സാമൂഹ്യ സുരക്ഷാ നിധി.

സ്പോർട്ട്സ് നയം-SMILE, 35th ദേശീയ കായിക മേള 2013, സീ പ്ലെയിനുകളിൽ പരിശീലനം, പി.എ.പി.എ., Play a game Play for fun പദ്ധതി വിപുലീകരണം, കേരള സംസ്ഥാന കായിക നിധിയുടെ പ്രവർത്തനം.

മൂന്നാറിൽ മലയാള സിനിമ ആർക്കൈവ്, ഗ്രാമീണ മേഖലയിൽ മൊബൈൽ തീയറ്റർ, തിരുവനന്തപുരത്ത് ചലച്ചിത്രോത്സവ സമുച്ചയം, ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകൾ നവീകരണം.

എറണാകുളത്ത് ഹിൽ പാലസ് മ്യൂസിയം, പഞ്ചായത്തുകളിലും സ്കൂളുകളിലും ആർട്ട് ഗ്യാലറി ക്ലബ്ബുകൾ, മെഴുക് മ്യൂസിയം, സാംസ്കാരിക സമുച്ചയം മൂന്നാറിൽ, പുതിയ മൃഗശാല പുത്തൂരിൽ, വികസന പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക കാഴ്ചപ്പാടുകൾ സമന്വയിപ്പിക്കും-ഇതിനായി കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരും.

ബയോ മെഡിക്കൽ ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനം, പമ്പ ആക്ഷൻ പ്ലാൻ പുനരുദ്ധാരണം, തടാക സംരക്ഷണ പദ്ധതികൾ, വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പരിപാടികൾ

പോലീസ് സേനയുടെ അംഗ സംഖ്യ വർഷം തോറും 5% വർദ്ധിപ്പിക്കും, കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനം (തടയൽ) ആക്ടിൽ ഭേദഗതി വരുത്തൽ, ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണ ചുമതലയും വെവ്വേറെ ആക്കും. ആധുനിക ട്രാഫിക് വിംഗിന്റെ രൂപീകരണം, ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേന.

CISF മാതൃകയിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, ഫയർ ആന്റ് റെസ്ക്യു സർവ്വീസിനെ ദ്രുതകർമ്മസേന ആക്കുന്ന പദ്ധതി, ജയിലുകളിലെ അന്തേവാസികളുടെ മാനവശേഷി വിനിയോഗിച്ച് പൊതു ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ നൽകും.

പ്രവാസി ഭാരതീയ ദിവസ് പദ്ധതി, പൊതു മാപ്പ് പദ്ധതികൾ എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തും.

ശബരിമല മാസ്റ്റർപ്ലാൻ നടത്തിപ്പ്, മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം എന്നിവ ശക്തിപ്പെടുത്തും. അബ്കാരി നയത്തിൽ മാറ്റം, മദ്യ വിമുക്ത കേരളം പദ്ധതി, ലഹരി വിമുക്ത സംഘടനകൾക്ക് സഹായം, വിദ്യാർത്ഥികളിലെ മയക്കു മരുന്ന് ഉപയോഗിത്തിനെതിരെ ബോധവൽക്കരണ പരിപാടി എന്നിവ നടപ്പാക്കും.

ഔദ്യോഗിക ഭാഷാ വർഷാചരണത്തിന്റെ ഭാഗമായി ട്രെയിനിംഗുകൾ, സാംസ്കാരിക പരിപാടികൾ എന്നിവ നടത്തും.

തിരുവനന്തപുരം ഇൻഫർമേഷൻ സെന്ററിനെ സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആക്കും. ടാഗോർ തീയേറ്റർ പരിസരത്ത് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കും. സർക്കാർ ഓഫീസുകളിൽ സർക്കാരിന്റെ ക്ഷേമ പദ്ധതികൾ പ്രചരിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ടാബ്ലോയിഡ് പത്രങ്ങൾ വിതരണം ചെയ്യും.

## അനുബന്ധം - III

## നടപ്പിലാക്കിയ പദ്ധതികൾ

### സാമൂഹ്യ നീതി വകുപ്പ്

1. വികലാംഗർക്കായി നീക്കിവച്ചിട്ടുള്ളതും നികത്തപ്പെടാതെ കിടക്കുന്നതുമായ പി.എസ്.സി. ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി ഒരു ഏകദിന അദാലത്ത് 5-3-2012-ൽ നടത്തുകയും 1039 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.
2. ജെന്റർ ഫെസ്റ്റിവൽ കോഴിക്കോട് വച്ച് മാർച്ച് 8 മുതൽ 17 വരെയുള്ള ദിവസങ്ങൾ നടത്തുകയുണ്ടായി. ജെന്റർ പാർക്കിന്റെ ശിലാസ്ഥാപനത്തിനുള്ള നടപടി തുടർന്നു വരുന്നു.
3. നിർഭയ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.
4. കുട്ടികൾക്ക് കോക്ളിയർ ഇംപ്ലാന്റ് ചെയ്ത് കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

### മത്സ്യബന്ധന തുറമുഖ വകുപ്പ്

1. അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ഈ കമ്മിറ്റി അതിന്റെ നിർദ്ദേശം സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
2. മത്സ്യ സമൃദ്ധി പദ്ധതി നടപ്പിലാക്കി.
3. ഗുണഭോക്താക്കളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന രീതി, സമ്പാദ്യ സമാശ്വാസ പദ്ധതി വഴി 1,83,000 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ധനസഹായം നൽകികൊണ്ട് നടപ്പിലാക്കി.
4. 222 മത്സ്യബന്ധന വില്ലേജുകളുടെ സമഗ്ര വികസനത്തിനായി മാതൃകാ മത്സ്യഗ്രാമം പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്നു.

### സഹകരണ വകുപ്പ്

1. ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട്, പത്തനംതിട്ട, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകളിൽ സി.ബി.എസ് നടപ്പിലാക്കി വരുന്നു. നബാർഡിന്റെ സഹായത്തോടെ ബാക്കിയുള്ള 8 ജില്ലാ സഹകരണ ബാങ്കുകളിൽ സി.ബി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
2. NAFCUB-ന്റെ ആഭിമുഖ്യത്തിൽ അർബൻ ബാങ്കുകളിൽ സി.ബി.എസ്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. ദരിദ്രർക്കും ആവശ്യക്കാർക്കും ആരോഗ്യ പരിപാലന ചെലവ് കുറയ്ക്കാൻ വേണ്ടി 2012-13 വർഷത്തിൽ 35 ഡയാലിസിസ് യൂണിറ്റുകൾ സഹകരണ

സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 3 സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ നല്ല സജ്ജീകരണങ്ങളുള്ള 6 ക്ലിനിക്കൽ ലാബുകൾ സഹകരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 4 സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

വനം വന്യജീവി വകുപ്പ്

കാസർഗോഡ് ജില്ലയിൽ ഒരു പുതിയ ഫോറസ്റ്റ് ഡിവിഷൻ സ്ഥാപിക്കുക എന്നത് പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പ്

അദ്ധ്യാപക പക്കേജുമായി ബന്ധപ്പെട്ട് പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെയും റിട്രഞ്ച്ഡ് അദ്ധ്യാപകരുടെയും ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും വിശദമായ ലിസ്റ്റ് തയ്യാറാക്കൽ, ട്രെയിനിംഗ് അവരുടെ പുനർവിന്യാസം എന്നിവ നടപ്പാക്കിയിട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പ്

1. സംസ്ഥാനത്തെ തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശങ്ങൾ, കോഴിക്കോട്, എറണാകുളം ജില്ലകൾ എന്നിവിടങ്ങളിൽ കയറ്റിറക്കു കൂലി ഏകീകരിക്കുകയും ടി പ്രദേശങ്ങളെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
2. സ്ഥാപന രജിസ്ട്രേഷൻ, പുതുക്കൽ, ലൈസൻസ് എന്നിവയ്ക്ക് ഇ-ഗവേർണൻസ് സൗകര്യം തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ നടപ്പാക്കിയിട്ടുണ്ട്.
3. ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമ വകുപ്പ്

ലോ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റവും കോർട്ട് കേസസ്സ് മോണിറ്ററിംഗ് സൊലൂഷൻസ് ഫോർ ലോ ഓഫീസും കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. LIMS-ന് 60 ലക്ഷം രൂപയും CCMS-ന് 23 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

കായിക യുവജന കാര്യ വകുപ്പ്

യുവജന കമ്മീഷൻ രൂപീകരിച്ചു. യുവജന നയം അംഗീകരിക്കുകയും ചെയ്തു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 14 ജില്ലകളിലും സി.എച്ച്.സി/ പി.എച്ച്.സി./സബ് സെന്റർ തലത്തിൽ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട് ജനനി ശിശു സുരക്ഷാ കാര്യക്രം (കെ.എസ്.എസ്.കെ) പദ്ധതിയിൽ ഗർഭിണികൾക്ക് സൗജന്യ ഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പാർലമെന്ററി കാര്യ വകുപ്പ്

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് നടപ്പാക്കിയിട്ടുണ്ട്. പാർലമെന്ററി ലിറ്ററസി ക്ലബ്ബിന്റെ പ്രവർത്തനം സംസ്ഥാനത്തെ 305 സ്കൂളുക ളിലും Human Rights Education Club-ന്റെ പ്രവ ർത്തനം 99 സ്കൂളുകളിലും 2012 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട് കൂടുതൽ സ്കൂളുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന തിനുള്ള നടപടികൾ തുടർന്നു വരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ്

ഉറവിട മാലിന്യ സംസ്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിൽ നഗര പ്രദേശങ്ങളിലെ ഉറവിട മാലിന്യ സംസ്കരണ ത്തിനായി ഗ്രാമങ്ങൾക്ക് 24 കോടി രൂപയും നഗരങ്ങൾക്ക് 74 കോടി രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 1188 തദ്ദേശ ഭരണ സ്ഥാപനങ്ങ ളിലായി 98.26% കണക്കുവിറ്റി ഉറപ്പു വരുത്തിയി ട്ടുണ്ട് ആകെ 1144 പഞ്ചായത്തുകളിൽ 551 എണ്ണത്തിൽ സാംഖ്യ സോഫ്റ്റ് വെയർ വിന്യസിപ്പിച്ചു.

പിന്നോക്ക സമുദായ വികസന വകുപ്പ്

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നികുതി വകുപ്പ്

1. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
2. എക്സൈസ് വകുപ്പിന് ആവശ്യമായ ഗതാഗത സൗകര്യം ഏർപ്പെടുത്തുകയും അത്യാധുനിക ആയുധങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.
3. 'മദ്യവിമുക്ത കേരളം' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.
4. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ചു.

5. തിരുവനന്തപുരം ജില്ലയിലെ 12 സബ് രജിസ്ട്രി ഓഫീസുകളിൽ സമാഹൃത രജിസ്ട്രേഷൻ ഡാറ്റാ ബേസ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി
6. പാർട്ട്ണർഷിപ്പ് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഓൺ ലൈൻ ആയി ലഭ്യമാക്കി തുടങ്ങി.

ധനകാര്യ വകുപ്പ്

1. ട്രഷറി വകുപ്പു ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
2. സംസ്ഥാനത്തെ ഏഴു പെൻഷൻ ട്രഷറികളും താഴത്തെ നിലയിലാണ് സ്ഥിതി ചെയ്യുന്നത്. പുതിയ ട്രഷറികൾ എല്ലാം തന്നെ താഴത്തെ നിലയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ഈ പദ്ധതി പൂർണ്ണമാണ്.
3. കേരള സംസ്ഥാന സംരംഭക വികസന മിഷനുമായി ബന്ധപ്പെട്ട് 8-12-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.590/11/ധന. പ്രകാരം 2011-12-ൽ പ്രവർത്തനം ആരംഭിച്ച ഈ മിഷൻ ഒരു തുടർച്ചയായ പദ്ധതി ആയതിനാൽ ഇത് നടപ്പിലാക്കിവരുന്നു.

# അനുബന്ധം -IV

## നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ

| വകുപ്പ് | പദ്ധതി |
|---|---|
| നോർക്ക വകുപ്പ് | 1. പ്രവാസി നിയമ സഹായ സെൽ<br>2. സ്വപ്നസാഫല്യം പദ്ധതി<br>3. മടങ്ങി വന്ന പ്രവാസി മലയാളികളുടെ പുനരധിവാസം. |
| തൊഴിലും പുനരധിവാസവും വകുപ്പ് | 1. സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ട്രെയിനിംഗ് ആരംഭിക്കൽ<br>2. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. |
| ജലവിഭവ വകുപ്പ് | 1. ഹോംസ്റ്റെഡ് ഇറിഗേഷൻ പദ്ധതി<br>2. മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണം. |
| ഊർജ്ജ വകുപ്പ് | കേരളത്തിൽ പവർ ഗ്രിഡുമായി ബന്ധപ്പെടുത്തി റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. |
| സാമൂഹ്യ നീതി വകുപ്പ് | 1. ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി തുടങ്ങുന്ന പദ്ധതി<br>2. സാമൂഹ്യനീതി വകുപ്പിൻ കീഴിലെ എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അനായാസം പ്രവേശിക്കുന്നതിന് സൗകര്യങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി.<br>3. സംസ്ഥാനത്ത് ഒരു സമഗ്ര പോഷകാഹാര നയം രൂപീകരിക്കൽ.<br>4. പുതുക്കിയ വയോജന നയം രൂപീകരിക്കൽ. |
| മത്സ്യബന്ധന തുറമുഖ വകുപ്പ് | 1. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതി ധനവകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ നടപ്പിലായില്ല.<br>2. സ്ഥല ലഭ്യത അനുസരിച്ച് തിരുവനന്തപുരത്ത് 500 ടൺ ശേഷിയുള്ള വല നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്<br>3. വിഴിഞ്ഞം, മുതലപ്പൊഴി, ചെത്തി, തലായി, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയായിട്ടില്ല |

| | |
|---|---|
| വനം വന്യജീവി വകുപ്പ് | പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ ബഫർ പ്രദേശങ്ങളെ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളായി പ്രഖ്യാപിക്കൽ |
| ടൂറിസം വകുപ്പ് | കേരളത്തെ ഇൻസന്റീവ് കേന്ദ്രമായി ശക്തിപ്പെടുത്തൽ. പരമ്പരാഗത വള്ളംകളി മത്സരങ്ങൾ പ്രദർശിപ്പിക്കാനുള്ള പുതിയ സംരംഭം ആരംഭിക്കുക. |
| വ്യവസായ വകുപ്പ് | 1. ഹൈസ്പീഡ് റെയിൽകോറിഡോർ.<br>2. കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ (NIMZ)<br>3. ഇലക്ട്രോണിക്സ് ഹബ്ബ് പദ്ധതി, കൊച്ചി.<br>4. കെ.എസ്.ഐ.ഡി.സി.യും ഗെയിൽ ഗ്യാസുമായി ചേർന്നുള്ള ഗ്യാസ് ബേസ്ഡ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി. |
| കായിക യുവജനകാര്യ വകുപ്പ് | 1. യുവജനക്ഷേമ ബോർഡ്.<br>2. സംസ്ഥാന യുവജന കേന്ദ്രം.<br>3. അഞ്ച് ജില്ലകളിൽ യുവജന ഹോസ്റ്റലുകൾ.<br>4. യുവജന പരിശീലന കേന്ദ്രം സ്ഥാപിക്കൽ. |
| പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് | പട്ടികജാതി വികസന വകുപ്പിലെ ഐ.റ്റി.സി.കളിലെ വിദ്യാർത്ഥികളുടെ നൈപുണ്യ വികസന പദ്ധതി. |
| ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് | 1. സംസ്ഥാന പരിശീലന നയം പരിഷ്ക്കരിക്കുക.<br>2. ഐ.എം.ജി.യിൽ സെന്റർ ഫോർ ഗുഡ് ഗവേണൻസ് സ്ഥാപിക്കുക. |

## അനുബന്ധം - V

## 2012-ലെ നയപ്രഖ്യാപനത്തിലെ പദ്ധതികൾക്കായി ചെലവാക്കിയ തുക

| ക്രമ നമ്പർ | വകുപ്പ് | പദ്ധതി | ചെലവാക്കിയ തുക (രൂപയിൽ) |
|---|---|---|---|
| 1 | ഗതാഗതം | 1. കൊച്ചി മെട്രോ പദ്ധതി പ്രവർത്തനങ്ങൾ 25.03.2013 വരെ | 9 കോടി |
| | | 2. കണ്ണൂർ ജില്ലയിൽ എളവായൂരിൽ കമ്പ്യൂട്ടർ അധിഷ്ഠിത വാഹന പരിശോധന കേന്ദ്രവും, ഡ്രൈവിംഗ് ടെസ്റ്റ് കാർഡും (2012-13) | 1,90,91,639/- |
| | | 3. മലപ്പുറം എടപ്പാൾ (മലപ്പുറം ജില്ലാ ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് | 12,87,62,552/- |
| | | 4. പോഞ്ഞിക്കര സ്ലിപ് വേ നിർമ്മാണം | 182 ലക്ഷം |
| | | 5. സീ - കുട്ടനാട് സർവ്വീസ് | 99.7 ലക്ഷം |
| | | 6. ടിക്കറ്റ് വെൻഡിംഗ് മെഷീൻ | 5.77 ലക്ഷം |
| | | 7. പയ്യന്നൂരിൽ സ്ലിപ് വേ നിർമ്മാണം | 21.50 ലക്ഷം |
| 2 | നിയമം | 1. LIMS (Law Information Management system) | 47,10,225 |
| | | 2. CCMS – (Court case monitoring system) | 19,20,179 രൂപ |
| 3. | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം | ഭരണ നിർവ്വഹണത്തിൽ മികവിന് പുരസ്കാരം | 20 ലക്ഷം |
| 4. | തദ്ദേശ സ്വയംഭരണ വകുപ്പ് | 1. മഴയെത്തും മുൻപേ പദ്ധതി | 19.25 കോടി |
| | | 2. 2012-13 സാമ്പത്തിക വർഷത്തിൽ ഖരമാലിന്യ സംസ്കരണ പദ്ധതി ഗ്രാമപഞ്ചായത്തുകൾ /നഗരസഭകൾ | 3,09,69,342/-<br>21,37,275 രൂപ |
| | | 3.ദേശീയ ദാരിദ്ര നിർമ്മാർജന മിഷൻ അജീവിക (2012-13) | 18,73,36,000/- |
| | | 4. ആശ്രയ ചലഞ്ച് ഫണ്ട് | 4,17,41,274 |
| | | 5. ഇൻഫർമേഷൻ കേരള മിഷൻ (28.02.2013) വരെ | 3.88 കോടി |
| | | 6. കുടുംബശ്രീ എം. ഐ. എസ് ഡിജിറ്റൽ ഡേറ്റാ ബേസ് | 2013,000/- |

| | | | |
|---|---|---|---|
| 5 | **കൃഷി വകുപ്പ്** | 1. നെൽകൃഷി വികസനം | 4908.09 ലക്ഷം |
| | | 2. തെങ്ങു കൃഷി വികസനം | 4475.92 ലക്ഷം |
| | | 3. കൃഷി ഫാമുകൾ വഴി നടീൽ വസ്തുക്കൽ ഉല്പാദിപ്പിക്കൽ | 624.28 ലക്ഷം |
| | | 4 ഡിപ്പാർട്ട്മെന്റ് ലബോറട്ടറികളുടെ നവീകരണം | 271.86 ലക്ഷം |
| | | 5. ജൈവകൃഷി | 279.78 ലക്ഷം |
| | | 6. ഊർജ്ജിത കീട നിയന്ത്രണം | 58.31 ലക്ഷം |
| | | 7. സുഗന്ധ വ്യഞ്ജന വികസനം | 1003,11 ലക്ഷം |
| | | 8. വാർത്താവിനിമയവും, വിതരണവും | 322.48 ലക്ഷം |
| | | 9.കാർഷിക വിജ്ഞാന വ്യാപന ശാക്തീകരണം | 1239.04 ലക്ഷം |
| | | 10. വിള ഇൻഷ്വറൻസ് | 920 ലക്ഷം |
| | | 11.പയറു വർഗ്ഗ കിഴങ്ങുവർഗ്ഗ വിള വികസനം | 149.99 ലക്ഷം |
| | | 12.അഗ്രോ സർവ്വീസ് സെന്റർ വികസനം | 974.86 ലക്ഷം |
| | | 13. ഹൈടെക് കൃഷി | 1197.860 ലക്ഷം |
| | | 14.VFPCK വഴിയുള്ള കാർഷിക വികസനം | 600 ലക്ഷം |
| | | 15.സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ | 1100 ലക്ഷം |
| | | 16.പ്രകൃതി ക്ഷോഭം കൈകാര്യം ചെയ്യുന്ന പദ്ധതി | 212.40 ലക്ഷം |
| | | 17.രാഷ്ട്രീയ കൃഷി വികാസ് യോജന | 25243.36 ലക്ഷം |
| | | 18.മണ്ണിന്റെ ആരോഗ്യ സംരക്ഷണവും ഉല്പാദന വർദ്ധനവും | 109.69 ലക്ഷം |
| | | 19.വയനാട് പാക്കേജ് | 2253.18 ലക്ഷം |
| | | 20. മാനവികശേഷി വികസനം | 122.24 ലക്ഷം |
| | | 21.പച്ചക്കറി കൃഷി വികസനം | 4308.61 ലക്ഷം |
| | | 22.വിപണി വികസിപ്പിക്കൽ | 1860.61 ലക്ഷം |
| | | 23.മൂല്യ വർദ്ധനവ് | 1111.11 ലക്ഷം |
| | | 24.വിപണിയിലിടപെടൽ | 4506.55 ലക്ഷം |

| | | | |
|---|---|---|---|
| | | 25.സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ പദ്ധതി | 50 ലക്ഷം |
| | | 26.ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് | 501.22 ലക്ഷം |
| 6 | **ക്ഷീരവികസന വകുപ്പ്** | 1. കാഫ് അഡോപ്ഷൻ സ്കീം | 53,53,000/- |
| 7 | **മൃഗസംരക്ഷണ വകുപ്പ് (2013 ഫെബ്രുവരി മാസം വരെ)** | 1.കന്നുകുട്ടി പരിപാലന പദ്ധതി - ഫെബ്രുവരി മാസം 2013 – വരെ ചെലവായത് | 23.75 കോടി |
| | | 2. ഫാമുകൾ വഴി ഇൻപുട്ടുകൾ നൽകുക | 6.37 കോടി |
| | | 3.വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കൽ | 2.67 കോടി |
| | | 4.കാഫ് പ്രൊട്ടക്ഷൻ പ്രോഗ്രാം 2012-13 | 15.73 കോടി |
| | | 5.കടപ്പനക്കുന്നിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് | 2.38 കോടി |
| 8 | **തൊഴിലും നൈപുണ്യവും** | 1.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കുന്നതിനുള്ള പ്രാരംഭഘട്ട ചെലവ് | 2 കോടി |
| | | 2.ഈ പേയ്മെന്റ് ഓഫ് വേജസ് | 3.45 ലക്ഷം |
| | | 3.രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന | 9138 ലക്ഷം |
| | | 4.കൺസ്ട്രക്ഷൻ ഓഫ് ലേബർ കോംപ്ലക്സ് | 300 ലക്ഷം |
| | | 5.വെൽഫയർ സ്കീം ഓഫ് ഡൊമസ്റ്റിക് വർക്കേഴ്സ് ഇൻ കേരള | 150 ലക്ഷം |
| | | 6.കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിക്കാൻ (KASE) ന്റെ കീഴിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ 20.03.2013 വരെ | 10,50,00,000/- |
| 9 | **സാമൂഹ്യ നീതി** | 1.ശ്രുതിതരംഗം പദ്ധതി മുഖേന കോക്ലിയർ ഇംപ്ലാന്റ് | 6,66,59,024/- |
| | | 2.വെർബൽ തെറാപ്പി | 135 ലക്ഷം |
| | | 3.ജെൻഡർ ഫെസ്റ്റ് | 1,27,79,590 |
| 10 | **ഉന്നത വിദ്യാഭ്യാസം** | 1.CIUP (College infrastructure upgradation programme) centre of excellence in Ten colleges | 35 കോടി |
| | | 2. TEQIP (Technical Education Quality Improvement Programme) | 33.16 കോടി |
| | | 3. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ റിസർച്ച് സ്കോളർഷിപ്പ് പദ്ധതി | 31.18 ലക്ഷം |
| | | 4. സി. ആപ്റ്റിന്റെ ബ്രെയിലി പഠന കേന്ദ്രത്തെ ഒരു സംസ്ഥാനതല റിസോഴ്സ് സെന്റർ ആക്കി ഉയർത്തുന്നതിനുള്ള പദ്ധതി | 10 ലക്ഷം |

| | | | |
|---|---|---|---|
| 11 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 1. പട്ടികവർഗ്ഗ കുടുംബങ്ങൾക്കായുള്ള ഭവനപദ്ധതി 2013 ജനുവരി 31 വരെ<br>2. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി | 17.72 കോടി<br>101.43 ലക്ഷം |
| 12. | മത്സ്യബന്ധന തുറമുഖം | വിഴിഞ്ഞം തുറമുഖം പദ്ധതി 2013 ഒക്ടോബർ മാസം വരെ | 5,17,06,71 ,806/- |
| 13 | ജലവിഭവം | 1. ജലനിധി രണ്ടാംഘട്ട പദ്ധതി (2012-13)<br>2. കേരള ജല അതോറിറ്റി 2012-13 വർഷത്തിൽ നബോർഡ് (സ്പാൻ), എൻ. ആർ. ഡി. ഡബ്ല്യൂ സംസ്ഥാന പദ്ധതി എന്നിവയ്ക്ക് കീഴിൽ പൂർത്തിയായ 27 പദ്ധതികൾ<br>3. പോസ്റ്റാഫീസുകൾ വഴി വെള്ളക്കരം | 18.10 കോടി<br>61163.56 ലക്ഷം<br>528 ലക്ഷം |
| 14 | CSIN | ഉൾനാടൻ ജലഗതാഗതം /തീരദേശപരിപാലനം/ കുളങ്ങളുടെയും, /ടാങ്കുകളുടെയും നവീകരണം. | 483 ലക്ഷം |
| 15 | സാംസ്കാരികകാര്യ വകുപ്പ് | 1. Freedom Struggle memorial in Vattiyoorkavu<br>2. Mathilakam Digitilization<br>3. Signature Archives Museum<br>4. Structural and Chemical Conservation works of monuments<br>5. Edakkal caves Rennovation for including it in UNESCO's WORLD HERITAGE SITES<br>6. Raja Ravivarma Smarakam Kilimanoor<br>7. Mappila Kala Academy Founded<br>8. Vishwa Malayala Mahotswam<br>9.Theatre complex at Alleppy | 6,62,598/-<br>8 lakh<br>9 lakh<br>10329308<br>31,79,697/-<br>94,37,154/-<br>50 lakh<br>1.5 crore<br>1.03 Crore |
| 16 | ആഭ്യന്തരം | 1. തടവുകാരുടെ ക്ഷേമപദ്ധതി/ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ<br>2. 14 ചപ്പാത്തി നിർമ്മാണ യന്ത്രങ്ങൾ<br>3. കീഴ് കോടതികൾക്കു വേണ്ടി ഫർണിച്ചർ (2012-13)<br>4. മുട്ടം ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന്<br>5. തവന്നൂർ സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിന്<br>6. വിയ്യൂർ അതീവ സുരക്ഷ ജയിൽ | 29.55 ലക്ഷം<br>34,03,341/-<br>1,50,47,178/-<br>450 കോടി<br>10,16,62,319 കോടി<br>18 കോടി |

| | | | |
|---|---|---|---|
| | | 7. ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ<br>8. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീം | 9 ലക്ഷം<br>220 ലക്ഷം |
| 17 | നികുതി | 1. എക്സൈസ് അക്കാഡമിയുടെ ആധുനികവത്ക്കരണം<br>എക്സൈസ് അക്കാഡമിയിൽ കമ്പ്യൂട്ടർ ലാബ്<br>2. മദ്യവിമുക്ത കേരളം<br>3. ഓൺലൈൻ പോക്കുവരവ് ഇ-പേയ്മെന്റ്<br>4.പാർട്ട്ണർഷിപ്പ് ഫേം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന പദ്ധതി | 29,62,972/-<br>19,60,785/-<br>80 ലക്ഷം<br>432.19 ലക്ഷം<br>5.19 ലക്ഷം |
| 18 | ധനകാര്യം | ട്രഷറി വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് പ്രോഗ്രാം | 32,069 |
| 19 | വനം വന്യജീവി | കാസർകോഡ് ജില്ലയിൽ പുതിയ ഫോറസ്റ്റ് ഡിവിഷൻ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനം | 2,91937/- |
| 20 | വ്യവസായം | കെ.എസ്.ഐ.ഡി.സി മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ | 70.67 കോടി |
| 21 | ഭവന നിർമ്മാണം | കലവറകളുടെ ശൃംഖല സ്ഥാപിക്കാൻ, ലാബിഷാസിന്റെ ആഭിമുഖ്യത്തിൽ ഹൗസിംഗ് & ഹാബിറ്റാറ്റ് പാർക്കുകൾ | 191 ലക്ഷം |
| 22 | കായിക യുവജനകാര്യം | 1. സ്വീം & സർവൈവ് പദ്ധതി<br>2. ഫൺ പദ്ധതി, 14 സ്കൂളുകളിൽ പ്ലേ ഫോർ | 115,84 ലക്ഷം<br>13.36 ലക്ഷം |
| 23 | പാർലമെന്ററികാര്യ വകുപ്പ് | അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് (AID) | 6,35,288 /- |
| 24 | പൊതുമരാമത്ത് | 1. അപ്ഗ്രഡേഷൻ പാക്കേജിന്റെ റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കൽ<br>2. കരമന -കളിയിക്കാവിള ദേശീയ പാത വികസനം അതിരുകൾ സ്ഥാപിക്കുന്നതിന് 2012-13 വർഷം<br>3. റീഹാബിലിറ്റേഷൻ പാക്കേജിന്റെ ഡി.പി.ആർ തയ്യാറാക്കൽ<br>4. കണ്ണൂർ നഗരവികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ<br>5. കോട്ടയം, നഗര വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ<br>6. തൃശ്ശൂർ നഗര റോഡു വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ<br>7. മലപ്പുറം നഗര റോഡു വികസന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ | 3 കോടി<br>2,37,499 രൂപ<br>1.25 കോടി രൂപ<br>2,61,23,700/-<br>1,16,79,822/-<br>1,78,27,274/-<br>1,40,65,225/- |

| | | | |
|---|---|---|---|
| 25 | **ഊർജ്ജ വകുപ്പ്** | 1. പീച്ചി ചെറുകിട ജലവൈദ്യുതി പദ്ധതി | 14.395 കോടി |
| | | 2. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി (2012-13 കാലയളവിൽ ചെലവായ തുക) | 2444.665 ലക്ഷം |
| | | 3. അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന റൂഫ് ടോപ്പ് സൗരഗൃഹ പദ്ധതി | 15.8 കോടി രൂപ |
| | | 4. 2012-2013 സാമ്പത്തിക വർഷത്തിൽ ട്രാൻസ്മിഷൻ വിഭാഗത്തിൽ നടപ്പിലാക്കിയ പദ്ധതികൾ | 92.39 കോടി |
| 26 | **വിവര സാങ്കേതിക വിദ്യ** | 1. 2012-13 സാമ്പത്തിക വർഷത്തിൽ കൊച്ചി ഇൻഫോ പാർക്കിലെ വിവിധ പദ്ധതികൾ | 62,46,38,000/- |
| | | 2. തിരുവനന്തപുരം ടെക്നോപാർക്കിലെ വിവിധ പദ്ധതികൾ | 42,73,20,000/- |
| | | 3. യു.ഐ.ഡി (ആധാർ) തുടർ പദ്ധതി (2012-13) | 4036.21 ലക്ഷം |
| | | 4. E-district project – തുടർ പദ്ധതി 2012-13 | 917.03 ലക്ഷം |
| | | 5. മൊബൈൽ ഗവേണൻസ് പ്ലാറ്റ്ഫോം പദ്ധതി (തുടർ പദ്ധതി 2012-13) | 13.44 ലക്ഷം രൂപ |
| | | 6. ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം | 40.11 ലക്ഷം |